# KERALA POLICE INFORMATION CENTRE

Ph: 0471 2318188    Email: *info.pol@kerala.gov.in*

No.92/PR/PIC/PHQ/14    Date : 09/06.2014

## ട്രാഫിക് പരിശോധനകൾ വീഡിയോയിൽ പകർത്തണം

പോലീസ് നടത്തുന്ന ട്രാഫിക് പരിശോധനകൾ ഇനിമുതൽ വീഡിയോയിൽ പകർത്തണമെന്ന ഉത്തരവ് കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും സംസ്ഥാന പോലീസ് മേധാവി കെ.എസ്.ബാലസുബ്രഹ്മണ്യൻ നിർദ്ദേശം നൽകി. പരിശോധനയ്ക്കായി വാഹനങ്ങൾ നിർത്തിക്കുന്നത്, പിഴ ഈടാക്കുന്നത് തുടങ്ങി പരിശോധനയുമായി ബന്ധപ്പെട്ട് നടത്തുന്ന നടപടികളെല്ലാം വീഡിയോയിൽ പകർത്തുന്നുവെന്ന് ഉറപ്പുവരുത്തണം. സാധാരണനിലയിൽ ഈ വീഡിയോ റെക്കോർഡിംഗുകൾ ഒരുമാസം വരെ സൂക്ഷിക്കണം. പ്രായോഗിക ബുദ്ധിമുട്ടുകൾ കാരണമോ അടിയന്തിര സാഹചര്യങ്ങളിലോ പരിശോധനകൾ നടത്തേണ്ടിവന്നാൽ അവ നിശ്ചയമായും സുതാര്യമായിരിക്കണമെന്നും ഇതുസംബന്ധിച്ച് മുൻപ് പുറപ്പെടുവിച്ച സർക്കുലറിൽ സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചിരുന്നു. അടിയന്തര സാഹചര്യങ്ങളിലെ അപ്രതീക്ഷിത കാരണങ്ങളാലോ അല്ലാതെ വീഡിയോ ക്യാമറയിൽ പകർത്താതെ വാഹന പരിശോധന നടത്തുന്നവർക്കെതിരെ കർശന നടപടിയെടുക്കാനും സംസ്ഥാന പോലീസ് മേധാവി ജില്ലാ പോലീസ് മേധാവിമാർക്ക് നിർദ്ദേശം നൽകി. എല്ലാ കൺട്രോൾ റൂം വാഹനങ്ങൾക്കും വീഡിയോ ക്യാമറ നൽകാനും അവയുടെ പ്രവർത്തനങ്ങൾ റെക്കോർഡ് ചെയ്യാനും തീരുമാനിച്ചിട്ടുണ്ടെന്ന് സംസ്ഥാന പോലീസ് മേധാവി അറിയിച്ചു. തിരുവനന്തപുരം സിറ്റിയിൽ ഇത് പരീക്ഷണാടിസ്ഥാനത്തിൽ നടത്തുമെന്നും അദ്ദേഹം അറിയിച്ചു.

******************

The contents of this document may be deemed to be based on received information which is subject to further verification